11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ചുമാറ്റാനും വന്ധീകരിക്കുവാനുമുള്ള നടപടികൾ.

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

14. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

വന്യമൃഗങ്ങളാൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പിന്റെ ധനസഹായം

297 (301) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനത്തിലും പരിസരപ്രദേശങ്ങളിലും പാമ്പ് കടിയേറ്റും വന്യമൃഗങ്ങളുടെ ആക്രമണത്താലും മരിക്കുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ കുടുംബത്തിന് വനംവകുപ്പ് നിലവിൽ നഷ്ടപരിഹാരമായി അഞ്ച് ലക്ഷം രൂപ നൽകിവരുന്നു. അതേസമയം മരണം സംഭവിച്ചത് വനത്തിന് പുറത്തുവച്ച് പാമ്പുകടി മൂലമാണെങ്കിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപയാണ് നൽകുന്നത്.

(ബി) സംഭവം നടന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്തെ അധികാര പരിധിയിലുള്ള റെയിഞ്ച് ഓഫീസർക്ക്/അസി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ/അസി. വൈൽഡ് ലൈഫ് വാർഡൻ മതിയായ അന്വേഷണം നടത്തി ലഭ്യമാക്കുന്ന ശിപാർശയിന്മേൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly